# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 4) 1811/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/04/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 4) 1811/21 തീയ്യതി: 05/04/2022

## എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ) | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 02-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2021 | 02-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പോളി ടി.ഒ ഓഡിറ്റ് ഓഫീസർ
ശ്രീ.ഗോപകുമാർ എം.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ് കുമാർ എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷഹീർ എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചെറിയാൻ തോമസ് | പ്രസിഡന്റ് | 01-04-2020 | 04-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 05-11-2020 | 29-12-2020 |
| ശ്രീമതി. അൽഫോൺസ ഷാജൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ ഹക്കീം യു. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൈറ്റോ ബേബി അരീക്കൽ | അസി.സെക്രട്ടറി | 01-04-2020 | 08-05-2020 |
| ശ്രീമതി. ജയറാണി പി. | അസി.സെക്രട്ടറി | 09-05-2020 | 31-03-2021 |
| ശ്രീമതി.ലിസ്സി കെ.പി. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി.അമ്പിളി കെ.എം. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീത ആർ. ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 10-06-2020 |
| ശ്രീ.ബാവു ഒ.എച്ച് | കൃഷി ഓഫീസർ | 11-06-2020 | 31-03-2021 |
| ശ്രീമതി.സൈനബ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺ കുമാർ കെ,എസ് | അസി.എൻജിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ചിത്ര വേലായുധൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 28-01-2021 |
| ഡോ.സിമി സി.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 29-01-2021 | 11-02-2021 |
| ഡോ.ശ്രീജ ജി.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-02-2021 | 31-03-2021 |
| ഡോ.ദീപ്തി.എസ്.ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.ലിജാ ദിവാകരൻ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി) | | |
| ഡോ.രജിതാ പി. | വെറ്റിറിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.രമണി പി.പി | ഹെഡ് മിസ്ട്രസ് | 01-04-2020 | 26-06-2020 |
| ശ്രീമതി. ശ്യാമ എം.ജി. | ഹെഡ് മിസ്ട്രസ് | 27-06-2020 | 31-03-2021 |
| ശ്രീ.സുനിൽകുമാർ | ഡയറി ഫാം ഇൻസ്ടക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: M.S.Gopakumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Gopakumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M.S.Gopakumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-10 |
| 11 | മാന്വൽ രസീതുകളുടെ ഉപയോഗം - അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-11 |
| 12 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-12 |
| 13 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-13 |
| 14 | ലൈസൻസ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ – ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-14 |
| 15 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-15 |
| 16 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021) | 1-16 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 07-03-2022) | |
| 17 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-16-1 |
| 18 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-16-2 |
| 19 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-16-3 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-16-4 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-16-5 |
| 22 | വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-16-6 |
| 23 | സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-16-7 |
| 24 | വസ്തു നികുതി - പൊതു ആവശ്യത്തിനായുള്ള ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് നികുതി നിർണ്ണയിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-17 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Santhosh Kumar M (Auditor, On 07-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-18 |
| 26 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല<br>Written By: Santhosh Kumar M (Auditor, On 07-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-18-1 |
| 27 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു<br>Written By: Santhosh Kumar M (Auditor, On 07-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-18-2 |
| 28 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം<br>Written By: Santhosh Kumar M (Auditor, On 07-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-18-3 |
| 29 | റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ് | 1-18-4 |

| | | |
|---|---|---|
| | Written By: Santhosh Kumar M (Auditor, On 07-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | |
| 30 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Santhosh Kumar M (Auditor, On 07-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-18-5 |
| 31 | മെഡിക്കൽ ഓഫീസറുടെ കണ്ടിജൻറ് ചെലവുകൾ - അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-19 |
| 32 | മെഡിക്കൽ ഓഫീസർ പിഎച്ച്സി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-20 |
| 33 | സാമുഹ്യ ക്ഷേമപെൻഷൻ- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-21 |
| 34 | പ്രീ-മൺസൂൺ പ്രവർത്തന ചെലവുകൾ - ചെലവുരേഖകൾ ഹാജരാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-22 |
| 35 | പ്രളയത്തിൽ ജീവനോപാധിയായ കന്നുകളെ നഷ്ടപ്പെട്ടവർക്ക് കിടാരികളെ വാങ്ങി നല്കൽ - അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-23 |
| 36 | കൃഷി ഓഫീസറുടെ കണ്ടിജൻറ് ചെലവുകൾ - അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-24 |
| 37 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി കറവ് ചെയ്യുന്നത് സംബന്ധിച്ച്<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 08-03-2022) | 1-25 |
| 38 | തൊഴിലുറപ്പ് പദ്ധതി-ജി എസ് ടി കറവുചെയ്യുന്നത് സംബന്ധിച്ച്<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-26 |
| 39 | സ്ട്രീറ്റ് ലൈറ്റ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്<br>Written By: M.S.Gopakumar (Asst. Audit Officer, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-27 |
| 40 | വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം - സംയുക്ത പരിശോധനയ്ക്കു ശേഷവും അധിക തുക അടയ്ക്കുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-28 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-29 |
| 42 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 1-30 |
| 43 | മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സ്ഥലം വാങ്ങിയത് - കേസ് നടത്തിപ്പിലെ വീഴ്ച - പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം - പ്രൊജക്ട് ലക്ഷ്യം | 1-31 |

| | | |
|---|---|---|
| | കൈവരിച്ചിട്ടില്ല.<br>Written By: M.S.Gopakumar (Asst. Audit Officer, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 22-02-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 14-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22-02-2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2020-2021 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 46,21,603 | 15,97,71,952 | 16,43,93,555 | 15,90,11,752 | 53,81,803 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2020 – 2021 വാർഷിക ധനകാര്യപ്പത്രികയിലെ ഇൻകം & എക്സ് പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക ( ഇൻകം & എക്സ് പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 15,97,71,952 | 13,40,29,437 | (-)2,57,42,515 |
| ചെലവ് | 15,90,11,752 | 13,63,84,598 | (-)2,26,27,154 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 2.57 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 2.26കോടി രൂപയുടെയും വ്യത്യാസമുണ്ട്.

മുൻവർഷത്തെ അപേക്ഷിച്ച് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവും യഥാർത്ഥ വരവിനോടും , ചെലവിനോടും ഏറെക്കുറെ യോജിച്ച് പോകുന്നതായി കാണുന്നു. എന്നിരുന്നാലും ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് -ചെലവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021. | 08.07.2021 |

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 74,43,785 |
| വരവ് | 7,63,19,956 |
| ആകെ | 8,37,63,741 |
| ചെലവ് | 7,87,61,083 |
| നീക്കിയിരിപ്പ് | 50,02,658 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| ആകെ തടസ്സപ്പെടുത്തിയ തുക | 14,51,089 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8034275 | 8034275 | 6961369 | 0 | 1072906 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3158373 | 3158373 | 2505561 | 0 | 652812 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 52000 | 52000 | 0 | 0 | 52000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 39287000 | 39287000 | 35772559 | 0 | 3514441 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3456480 | 0 | 201 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 6143552 | 6143552 | 4183998 | 0 | 1959554 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3050000 | 3050000 | 1221452 | 0 | 1828548 |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** സമ്പൂർണ്ണ ശുചിത്വം 320 100 115 | 0 | 1501942 | 1501942 | 1034623 | 467319 | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 1774 | 1528735 | 1530509 | 1528403 | 2106 | |
| EFMS | 0 | 17559885 | 17559885 | 17559885 | 0 | |
| ICDS- 320 100 121 | 328703 | 496276 | 824979 | 542873 | 282106 | |
| **സംസ്ഥാനാവിഷ്കൃതഫണ്ട്-** | | | | | | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 100222 | 130000 | 230222 | 230222 | 0 | |
| 320 300 199 വിമുക്തി, ആശ്രയ ഫണ്ട് | 3000 | 1328579 | 1331579 | 1328579 | 3000 | |
| 320 200 307 MLA -SDF Fund | 0 | 451880 | 451880 | 451880 | 0 | |
| 320 200 324 | 0 | 100000 | 100000 | 100000 | 0 | |
| 320 800 202 | 0 | 58000 | 58000 | 58000 | 0 | |
| 320 400 199 | 0 | 190000 | 190000 | 190000 | 0 | |

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 8034275 | 6961369 | 1072906 | 13.35% |
| വികസന ഫണ്ട്(എസ്.സി.പി) | 3158373 | 2505561 | 652812 | 20.67% |
| വികസനഫണ്ട്(ടി.എസ്.പി) | 52000 | 0 | 52000 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 39287000 | 35772559 | 3514441 | 8.95% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3456681 | 3456480 | 201 | 0.01% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 6143552 | 4183998 | 1959554 | 31.90% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 3050000 | 1221452 | 1828548 | 59.95% |

2020 -21 സാമ്പത്തിക വർഷം മുൻവർഷത്തെ അപേക്ഷിച്ച് സർക്കാർ ഗ്രാന്റ് തുകയിൽ മെച്ചപ്പെട്ട ചെലവ് ശതമാനം കാണുന്നുണ്ട്. ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ വികസനഫണ്ട് ( ടി.എസ്.പി.), ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ് ) എന്നീ ഇനങ്ങളിലൊഴിച്ച് ബാക്കി എല്ലാ ഫണ്ടിനങ്ങളിലും അറുപത് ശതമാനത്തിലധികം തുകയും ചെലവായിട്ടുണ്ട്. വികസനഫണ്ട് ( ടി.എസ്.പി.) മുൻവർഷത്തിലും 100% തുകയും ലാപ്സായിപ്പോകുകയാണുണ്ടായത്. ഇതിന്റെ കാരണം പട്ടികജാതി വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഗൗരവമായി പരിഗണിക്കേണ്ടതാണ്.

പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണകലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും കാണുന്ന അലംഭാവം ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിന് ഇടവരുത്തുന്നതായി നിരീക്ഷിക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ ആർ.പി.-7, ഐ-6 എന്നീ ഷെഡ്യൂളുകളിലെ വികസനഫണ്ട് (ജനറൽ) വികസനഫണ്ട് (എസ്.സി.പി.), സി.എഫ്.സി., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്നീ ഇനങ്ങളിൽ ചെലവു തുക തമ്മിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസത്തിന് കാരണം ജി.ഒ. പ്രൊജക്ടുകൾക്കായി 13,35,844/- രൂപ ചെലവഴിക്കുകയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 60,52,792/- രൂപ ബാലൻസ് ഷീറ്റിലെ ബി-3 ഷെഡ്യൂളിലേക്ക് മാറ്റുകയും ചെയ്തതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 1060659639 | 186 | 65395880 | 5 | 20 | 88.15 |

**പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്ത വർഷം സ്പിൽഓവറായി ഉൾപ്പെടുത്തി ചെയ്തുവരുന്നു.**

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1774 | 1528735 | 1530509 | 1528403 | 2106 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17559885 | 17559885 | 17559885 | 0 |
| ആകെ | 1774 | 19088620 | 19090394 | 19088288 | 2106 |

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | | | ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | |
| 2437 | 242 | 1 | 2680 | 932 | 888 | 44435 | 5011 | 0 | 49446 | 205 |

100 ദിവസം തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ 205 തൊഴിലാളികൾക്ക് 1000/- രൂപ വീതം 205000/- രൂപ അടുത്ത സാമ്പത്തിക വർഷം നല്കിയിട്ടുണ്ട്.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 258 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 210 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1748500 | 28 |
| വിധവാപെൻഷൻ | 10868600 | 221 |
| വാർദ്ധക്യകാലപെൻഷൻ | 27240700 | 1807 |
| വികലാംഗപെൻഷൻ | 3676600 | 54 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 933800 | 179 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6562/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി കൃത്യമായി കൈകാര്യം ചെയ്തുപോരുന്നുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ നിലവിലുണ്ട്. പഞ്ചായത്തിലെ രജിസ്റ്ററുകളും ഫയലുകളും പൊതുവെ കാര്യക്ഷമമായി കൈകാര്യം ചെയ്ത് വരുന്നു. എന്നിരുന്നാലും താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

1. നിർവ്വഹണഉദ്യോഗസ്ഥർക്ക് നല്കുന്ന രസീതുബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സ്ഥാപന രജിസ്റ്റർ , ലൈസൻസുമായി ബന്ധപ്പെട്ട ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ, വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

5. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

6. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ, തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-10-2021 | 09/2021 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-01-2014 | 2012-13 | 2-7-2014 |

## 1-11 മാന്വൽ രസീതുകളുടെ ഉപയോഗം - അപാകതകൾ പരിഹരിക്കേണ്ടതാണ്

മാന്വൽ രസീതുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 2019-20, 2020-21 എന്നീ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റിന് താഴെ പറയുന്ന മാന്വൽ രസീത് പുസ്തകങ്ങൾ പണം പിരിവിനായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് നം | നൽകിയ തീയതി |
|---|---|---|
| 1 | 54650 | 20.09.2019 |
| 2 | 54667 | 11.02.2020 |
| 3 | 16525 | 19.02.2021 |
| 4 | 16526 | 22.02.2021 |
| 5 | 16529 | 27.02.2021 |

സർക്കാർ ഉത്തരവ് (ആർ.ടി) 1699/2017/ത.സ്വ.ഭ.വ തീയതി 24.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.11 അനുസരിച്ച് ഓഫീസ് അറ്റൻഡന്റിനെ രസീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നതിന് ചുമതലപ്പെടുത്തുവാൻ കഴിയില്ല.

2. 24.02.2020 ന് പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് നൽകിയ രസീതി ബുക്ക് നം. 8222 കൃഷി ഓഫീസർ 10.06.2020 ന് ഉപയോഗിക്കാതെ തിരികെ പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ആയത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചതായി കാണുന്നില്ല.

3. ക്യാൻസൽ ചെയ്തിട്ടുള്ള താഴെ പറയുന്ന രസീതികളിൽ ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | രസീത് നം. |
|---|---|
| 1 | 53 & 54/16526 |
| 2 | 13/16529 |
| 3 | 58/16529 |
| 4 | 4/8223 |

4. രസീത് പുസ്തകങ്ങളിൽ അതാത് സാമ്പത്തിക വർഷം കഴിഞ്ഞും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല (രസീത് നം. 73-100/54667, 56-100/8226).

5. രസീതി നം. 6/8226/07.09.2020 പ്രകാരമുള്ള പി എച്ച് സി ജീവനക്കാരുടെ 2020-21 ലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായ 18750/- രൂപ സാംഖ്യ രസീത് നം. 908226100006/07.09.2020 പ്രകാരം Other Receipt എന്ന ഹെഡിൽ വരവ് വെച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.06/23.11.2021 ന് ഓഫീസിൽ ക്ലർക്കുമാർ കുറവായതിനാലും 100 ശതമാനം നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാനുമായാണ് ഓഫീസ് ഓർഡർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റിന് മാന്വൽ രസീത് പുസ്തകങ്ങൾ പണം പിരിവിനായി നൽകിയതെന്നും മറ്റ് അപാകങ്ങൾ പരിഹരിച്ചതായും അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

2. ക്യാൻസൽ ചെയ്യുന്ന മാന്വൽ രസീതുകളിൽ ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. രസീത് പുസ്തകങ്ങളിൽ അതാത് സാമ്പത്തിക വർഷം കഴിഞ്ഞും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

4. മാന്വൽ രസീതി പ്രകാരം പിരിക്കുന്ന തുകകൾ സാംഖ്യയിൽ അതത് ഹെഡുകളിൽ മാത്രം രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/22.11.2021) ആവശ്യമായ മേൽ നടപടികൾ

സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെയും വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 2/310 A | സി. ആനി ഡേവീസ് (മരിയൻ ഹോസ്പീസ് ചാരിറ്റബിൾ ട്രസ്റ്റ്) | 291.5 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 2/338 | കേരള വാട്ടർ അതോറിറ്റി | 65 | ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിന്റെ വക കെട്ടിടത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയിരിക്കുന്നു. |
| 3 | 3/530 | പ്രസിഡണ്ട്, വിശ്വകർമ്മ സൊസൈറ്റി | 30 | ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ. താഴെയുള്ള വാസഗൃഹങ്ങളിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയിരിക്കുന്നു. |
| 4 | 7/388 | സെക്രട്ടറി, മുളരിപ്പാടം നെല്ലുല്പാദന സമിതി | 90 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 9/168A മുതൽ 9/168D വരെ | തഹസിൽദാർ, താലൂക്ക് ഓഫീസ്, ആലുവ | 524 | ---"--- |
| 6 | 9/169 | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, അങ്കമാലി | 25 | ---"--- |
| 7 | 9/174 | തഹസിൽദാർ, താലൂക്ക് ഓഫീസ്, ആലുവ | 57 | ---"--- |
| 8 | 9/9 | ഡയറക്ടർ, ഫെറോന പള്ളി | 10 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ വാണിജ്യ കെട്ടിടം എന്ന് രേഖപ്പെടുത്തുകയും Tax Exemption കോളത്തിൽ മതപഠന ശാല കെട്ടിടത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. |
| 9 | 9/295 | പി ആർ രാജൻപ്പിള്ള | 20 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ വാണിജ്യ കെട്ടിടം എന്ന് രേഖപ്പെടുത്തുകയും Tax Exemption കോളത്തിൽ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ. താഴെയുള്ള വാസഗൃഹങ്ങളിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. |

മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/28.11.2021) മറുപടി നൽകിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

1. മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അതു ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ലൈസൻസ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ – ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു

പഞ്ചായത്തിൽ നിന്നും 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും' ലൈസൻസ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയ അസസ്മെന്റ് രജിസ്റ്ററുമായി ഒത്തുനോക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയയിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഉപയോഗക്രമം തെറ്റായി 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരി ഷെഡ്' നിരക്കിൽ നിശ്ചയിച്ചിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 9/308A | സാബു കെ കെ | 9.55 | ഗ്ലോബൽ ഇൻഡസ്ട്രീസ് (ലൈസൻസ് നം. 14/20-21) – (എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് നടത്തുന്നതിനും വണ്ടികൾ പെയിന്റ് ചെയ്യുന്നതിനും) |
| 2 | 5/55B | ജോൺസൺ എ പി | 51.15 | ജോയൽ കാറ്ററിംഗ് (ലൈസൻസ് നം. 65/20-21) – (കാറ്ററിംഗ് സ്ഥാപനം) |
| 3 | 6/381 | പീറ്റർ കെ പി | 70 | ഫാൽക്കൺസ് ഇൻഡസ്ട്രീസ് (ലൈസൻസ് നം. 105/20-21) – (പേപ്പർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രിന്റിംഗ്, വിപണനം) |
| 4 | 6/7A | സുമേഷ് | 520 | വയൽ പറമ്പിൽ ഫർണ്ണീച്ചർ (ലൈസൻസ് നം. 84/20-21) – (വാതിൽ, ജനൽ, അലമാരകൾ, സ്റ്റെയറുകൾ, ഫർണ്ണീച്ചർ നിർമ്മാണം) |
| 5 | 6/380 | പീറ്റർ കെ പി | 51 | ഗ്രീൻ ലീവ്സ് (ലൈസൻസ് നം. 106/20-21) - (പേപ്പർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രിന്റിംഗ്, വിപണനം) |
| 6 | 4/298A | ജോൺസൺ | 35 | രമ്യ എഞ്ചിനീയറിംഗ് വർക്സ് (ലൈസൻസ് നം. 119/20-21) – (വെൽഡിംഗ് വർക്ക്ഷോപ്പ്) |
| 7 | 6/382A | അവറാച്ചൻ | 93.91 | ഗ്രീൻ ലീവ്സ് പേപ്പർ എൻവലെപ്പ് യൂണിറ്റ് (ലൈസൻസ് നം. 147/20-21) - (പേപ്പർ എൻവലെപ്പ് യൂണിറ്റ്) |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഉപയോഗക്രമം 'ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ' യുടെ നിരക്കായ 50/- രൂപ നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരി ഷെഡ്' ന്റെ നിരക്കായ 20/- രൂപ നിശ്ചയിച്ച് ഈടാക്കിയിരിക്കുന്നു.

2. വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി 'പാർപ്പിടാവശ്യം' നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 11/94 | ചാക്കു മൂഞ്ഞേലി | 20 | സൈന ഫുഡ് ഗോഡൗൺ (ലൈസൻസ് നം. 17/20-21) – തേയില, മസാല, സ്വീറ്റ് ഐറ്റംസ് സ്റ്റോക്ക് ചെയ്യുന്നതിന് (23.03.2019 ലെ വാടക കരാർ പ്രകാരം ഉറുമീസ് കെ.സി, കോളാട്ടുകുടി എന്നവർ സെബാസ്റ്റ്യൻ പി.വി, പുത്തൻ വീട്ടിൽ എന്നവർക്ക് വാണിജ്യാവശ്യത്തിനായി പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.) |
| 2 | 5/205 | ബെന്നി ജോസഫ് | 120 | വടക്കുംഞ്ചേരി സ്റ്റോഴ്സ് (ലൈസൻസ് നം. 42/20-21) – പലചരക്ക് കട & സ്റ്റേഷനറി വ്യാപാരം |
| 3 | 6/214 | ബിനിത | 36 | ഏ ജെ ജ്വല്ലറി വർക്സ് (ലൈസൻസ് നം. 98/20-21) – ജ്വല്ലറി വർക്സ് നടത്തുന്നതിന് (03.02.2020 ലെ വാടക കരാർ പ്രകാരം ബിനിത, വിതയത്തിൽ എന്നവർ ആന്റു, വടക്കുംഞ്ചേരി എന്നവർക്ക് വാണിജ്യാവശ്യത്തിനായി പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.) |

3. പഞ്ചായത്ത് ലൈസൻസ് നം. 126/20-21 പ്രകാരം എ & എ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 5/488, 5/489 എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി കാണുന്നില്ല.

4. പഞ്ചായത്ത് ലൈസൻസ് നം. 160/20-21 പ്രകാരം കെട്ടിട നം.6/376 എന്ന കെട്ടിടത്തിൽ സഞ്ജീവനി ലൈഫ് കെയർ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത കെട്ടിടത്തെ ആശുപത്രി ഗണത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/25.11.2021 ന് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിന്നും 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും' ലൈസൻസ് അനുവദിക്കുന്ന കെട്ടിടങ്ങളെ സഞ്ചയ അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി ഒത്തുനോക്കി അതത് ഉപയോഗക്രമത്തിലുള്ള കെട്ടിടമാണെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രം ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കുക.

2. പഞ്ചായത്തിൽ നിന്നും 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും' ലൈസൻസ് അനുവദിച്ചിട്ടുള്ള മേൽ കെട്ടിടങ്ങളെ സഞ്ചയിൽ അതത് ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളാക്കി തിരുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീയതി.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ അനുസരിച്ച് 17 വീടുകൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്. വിമുക്ത ഭടന്മാരുടെ വീടുകൾക്ക് നികുതി ഇളവ് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകുവാനായി ഓഡിറ്റ് എൻക്വയറി (നം. 03/22.11.2021) മുഖേന

ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2020-21 വർഷത്തെ മിനിട്സ് പരിശോധിച്ചതിൽ 29.06.20 ലെ 1(1) ാം നമ്പർ തീരുമാനമായി ശ്രീ. ജോസ്, വടക്കുംഞ്ചേരി (കെട്ടിട നം. 2/12A) എന്നവർ സമർപ്പിച്ച സാക്ഷ്യപത്രം/സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്കുള്ള വസ്തു നികുതി ഇളവ് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2020-21 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-16-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

## 1-16-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|---|
| 1 | ഓർമ്മ മാർക്കറ്റിംഗ് | രാജി ജോസ് | 3 | 5/20-21 |
| 2 | മൈപ്പാൻ വുഡ് ഇൻഡസ്ട്രീസ് | എം പി ജോയി | 3 | 171/20-21 |
| 3 | ടെക്നോമെക് എഞ്ചിനീയറിംഗ് വർക്ക്സ് | പോൾ ജേക്കബ് | 7 | 123/20-21 |
| 4 | ഗ്രീൻ ലീവ്സ് | പീറ്റർ കെ പി | 3 | 106/20-21 |
| 5 | അപ്പോളോ ഗ്രാനൈറ്റ്സ് | കെ വി ചാക്കോച്ചൻ | 5 | 91/20-21 |
| 6 | ഗ്ലോറിയ ഗ്രാനൈറ്റ്സ് | അബിൻസ് എം ബേബി | 4 | 80/20-21 |
| 7 | അക്ഷയ ബയോഫ്യുവൽസ് | അരുൺ പി | 9 | 12/20-21 |
| 8 | എയ്ഞ്ചൽ വുഡ് ക്രാഫ്റ്റ് | എം പി ജോർജ് | 5 | 139/20-21 |
| 9 | റോയൽ ഫർണ്ണീച്ചർ | മാത്യു പി വി | 3 | 109/20-21 |
| 10 | എൻ ആർ എഞ്ചിനീയറിംഗ് വർക്ക്സ് | രാമചന്ദ്രൻ എം കെ | 3 | 103/20-21 |
| 11 | ഫിനോടെച്ച് ഫർണ്ണീച്ചർ | മോഹനൻ | 4 | 7/20-21 |
| 12 | പി ജെ ഹൈടെക് ലബോറട്ടറി | ജോമി പോൾ | 2 | 11/20-21 |
| 13 | ശില്പ വുഡ് വർക്ക്സ് | സലിമോൻ കെ കെ | 3 | 16/20-21 |
| 14 | സെന്റ് അഗസ്റ്റിൻ പാക്കിംഗ് ഇൻഡസ്ട്രീസ് & സോമിൽ | മാനേജിംഗ് പാർട്ട്നർ | 7 | 88/20-21 |
| 15 | ഹിൽ ഗോൾഡ് ട്രേഡിംഗ് കമ്പനി | സെബി ഇട്ടിയച്ചൻ | 5 | 108/20-21 |
| 16 | മൂഴയിൽ ഫർണ്ണീച്ചർ മാർട്ട് | എൽദോ വർഗ്ഗീസ് | 3 | 111/20-21 |
| 17 | എക്സലന്റ് സ്റ്റീൽ | ബൈജു ജോർജ് | 4 | 118/20-21 |
| 18 | എസ് എസ് ബിൽഡേഴ്സ് | കെ വി ബോസ് | 3 | 124/20-21 |
| 19 | എ & എ ഇൻഡസ്ട്രീസ് | ആന്റു ഔസേഫ് | 7 | 126/20-21 |
| 20 | ഫിഷ് ഇൻ ഫ്രഷ് | നെജുകുമാർ കെ എൻ | 4 | 127/20-21 |
| 21 | ദാനിയൽ എഞ്ചിനീയറിംഗ് വർക്ക്സ് | പ്രീജോ അഗസ്റ്റിൻ | 5 | 149/20-21 |
| 22 | നവീൻ ഇൻഡസ്ട്രീസ് | രഞ്ജിനി ബാബു | 4 | 151/20-21 |

| | | | | |
|---|---|---|---|---|
| 23 | സഞ്ചീവനി ലൈഫ് കെയർ വില്ലേജ് | രഘുനാഥൻ എ ടി | 6 | 160/20-21 |
| 24 | രോസാന ഫുഡ് കോർട്ട് & കാറ്ററിംഗ് | ഫൈസൽ എം എസ് | 5 | 175/20-21 |
| 25 | ഔഷധി ഫാർമസി & പഞ്ചകർമ്മ ചികിത്സ കേന്ദ്രം | ഡോ അഭിജിത്ത് വേണു | 2 | 179/20-21 |
| 26 | മരിയ ഫർണ്ണീച്ചർ | സിജു പൗലോസ് | 3 | 190/20-21 |
| 27 | പോൾ & സൺസ് വുഡ് ഫർണ്ണീച്ചർ | പോളച്ചൻ ടി എ | 4 | 194/20-21 |
| 28 | ഫാത്തിമ മാത ടിമ്പർ മാർട്ട് | റിൻസി പോളച്ചൻ | 4 | 195/20-21 |
| 29 | ഉഷസ് ഓയിൽ മിൽ | വിൽസൺ ചാക്കപ്പൻ | 7 | 201/20-21 |
| 30 | ക്രിസ് പിറ്റോസ് | അമൽ ജോസ് | 10 | 203/20-21 |
| 31 | സീജെയ് ട്രേഡേഴ്സ് | സോജൻ ജോസ് സി | 3 | 207/20-21 |
| 32 | നന്മ ഫിസിയോതെറാപ്പി ക്ലിനിക് | സിന്റോ ഫ്രാൻസിസ് | 2 | 211/20-21 |
| 33 | മരിയ കാറ്ററിംഗ് | ജോസ് എം വി | 4 | 216/20-21 |
| 34 | അബാട്ട് ഡയഗ്നോസ്റ്റിക് സെന്റർ | ഗോപി എ പി | 2 | 232/20-21 |
| 35 | ഇഷാ ഗോൾഡ് | രൂപേഷ് എം | 2 | 245/20-21 |

## 1-16-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | പി വി ജോസ് |
| 2 | വി ജോയ് |
| 3 | കെ പി ജോസ് |
| 4 | കെ എസ് പോളി |
| 5 | ആന്റണി ഉറുമീസ് |
| 6 | പി രമേശൻ |
| 7 | ജയ്സൺ ഏലിയാസ് |
| 8 | പി ജെ ബിജു |
| 9 | റോബിൻസ് ജോസഫ് |
| 10 | സെബാസ്റ്റ്യൻ പോൾ |
| 11 | എം ജെ വർഗ്ഗീസ് |
| 12 | ബെന്നി അബ്രഹാം |
| 13 | ജോളി |
| 14 | പി ഓ പൗലോസ് |

## 1-16-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ചന്ദ്രപ്പുര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | തവളപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | മഞ്ഞപ്ര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | ആനപ്പാറ ക്ഷീരേൽപാദക സഹകരണ സംഘം | I &II |
| 5 | അക്ഷയ ഇ കേന്ദ്രം, മഞ്ഞപ്ര | I &II |
| 6 | മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ താൽക്കാലിക ഡ്രൈവർ | I &II |
| 8 | ബാംബൂ കോർപ്പറേഷൻ | I &II |
| 9 | സെന്റ് ഫിലോമിൻ ഹോസ്പിറ്റൽ | I &II |
| 10 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ചന്ദ്രപ്പുര ബ്രാഞ്ച് | I &II (*) |
| 11 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ആനപ്പാറ ബ്രാഞ്ച് | |

(* മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മഞ്ഞപ്ര മെയിൻ ബ്രാഞ്ചിന്റെ ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.)

## 1-16-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ, മഞ്ഞപ്ര | I &II |
| 2 | ബാംബൂ കോർപ്പറേഷൻ | I &II |
| 3 | ജോതിസ് സെൻട്രൽ സ്കൂൾ | I &II |
| 4 | സെന്റ് പാട്രിക്ക്സ് അക്കാദമി | I &II |
| 5 | ചന്ദ്രപ്പുര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 6 | തവളപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 7 | മഞ്ഞപ്ര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 8 | ആനപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 9 | അക്ഷയ ഇ കേന്ദ്രം, മഞ്ഞപ്ര | I &II |
| 10 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ചന്ദ്രപ്പുര ബ്രാഞ്ച് | I &II (*) |
| 11 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ആനപ്പാറ ബ്രാഞ്ച് | |

(* മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മഞ്ഞപ്ര മെയിൻ ബ്രാഞ്ചിന്റെ സ്ഥാപന തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.)

## 1-16-6 വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| പ്രൊജക്ട് നം., പേര് | നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം |
|---|---|
| പ്രൊജക്ട് നം. 63, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യന് വേതനം | ലാബ് അസിസ്റ്റന്റ് |

## 1-16-7 സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| പോപ്പുലർ ഇൻഡസ്ട്രീസ് | 12 | 16 |
| വളാഞ്ചേരി ആഗ്രോ മിൽസ് | 4 | 9 |
| മഞ്ഞപ്ര ഫ്യുവൽസ് | 4 | 6 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.09/23.11.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി - പൊതു ആവശ്യത്തിനായുള്ള ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് നികുതി നിർണ്ണയിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ആവശ്യത്തിനായി നീക്കി വെച്ചാൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ നികുതി നിർണ്ണയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

1. ശ്രീ. ജോസ് & ലൗലി, മൈപ്പൻ ഹൗസ് എന്നവരുടെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ചെയ്യുന്നതിനായുള്ള അപേക്ഷയിലെ അംഗീകരിച്ച പ്ലാൻ, കെട്ടിട നിർമ്മാണ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ – 328.42 ച.മീ. (താഴത്തെ നില (വാണിജ്യം) – 155.82ച.മീ., മുകളിലെ നില (പാർപ്പിടം) – 155.82ച.മീ., സ്റ്റെയർ റൂം - 16.78 ച.മീ.)

മേൽ പ്ലാൻ പ്രകാരം പഞ്ചായത്തിൽ നിന്നും താഴത്തെ നിലയിൽ വാണിജ്യാവശ്യത്തിനുള്ള 4 കെട്ടിടങ്ങൾക്കും (കെട്ടിട നം. 8/24A മുതൽ 8/24D വരെ) മുകളിലെ നിലയിൽ പാർപ്പിടാവശ്യത്തിനുള്ള 2 കെട്ടിടങ്ങൾക്കും (കെട്ടിട നം. 8/24E, 8/24F) നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പൊതു ആവശ്യത്തിനായുള്ള സ്റ്റെയർ റൂമിന്റെ തറ വിസ്തീർണ്ണം (16.78 ച.മീ.) മൊത്തത്തിൽ പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ നിശ്ചയിച്ച് (കെട്ടിട നം. 8/24F) വസ്തു നികുതി കണക്കാക്കിയിരിക്കുന്നു.

2. ശ്രീ. ബിജു പൗലോസ്, നെറ്റിക്കാടൻ എന്നവരുടെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ചെയ്യുന്നതിനായുള്ള അപേക്ഷയിലെ അംഗീകരിച്ച പ്ലാൻ, കെട്ടിട നിർമ്മാണ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ – 216.08ച.മീ. (താഴത്തെ നില (വാണിജ്യം) – 99.98ച.മീ., മുകളിലെ നില (പാർപ്പിടം) – 105.14ച.മീ., സ്റ്റെയർ റൂം - 10.96ച.മീ.)

മേൽ പ്ലാൻ പ്രകാരം പഞ്ചായത്തിൽ നിന്നും താഴത്തെ നിലയിൽ വാണിജ്യാവശ്യത്തിനുള്ള 1 കെട്ടിടത്തിനും (കെട്ടിട നം. 8/153A) മുകളിലെ നിലയിൽ പാർപ്പിടാവശ്യത്തിനുള്ള 1 കെട്ടിടത്തിനും (കെട്ടിട നം. 8/153B) നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പൊതു ആവശ്യത്തിനായുള്ള സ്റ്റെയർ റൂം (10.96 ച.മീ.) മൊത്തതിൽ പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ നിശ്ചയിച്ച് (കെട്ടിട നം. 8/153B) വസ്തു നികുതി കണക്കാക്കിയിരിക്കുന്നു.

വാണിജ്യാവശ്യവും പാർപ്പിടാവശ്യവും ഒരുമിച്ച് വരുന്ന മേൽ കെട്ടിടങ്ങളിലെ പൊതു ആവശ്യത്തിനായുള്ള സ്റ്റെയർ റൂമിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ നികുതി നിർണ്ണയിക്കാത്തതിനുള്ള കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/01.12.2021) സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം പ്രത്യേകമായി പ്ലാനിൽ രേഖപ്പെടുത്തിയതിനാലും ഒന്നാം നിലയിൽ പാർപ്പിടാവശ്യത്തിനു വേണ്ടിയുള്ള കെട്ടിടത്തോട് ചേർന്നുള്ളതിനാലുമാണ് സ്റ്റെയർ റൂമിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള നികുതി നിർണ്ണയം നടത്തിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

വാണിജ്യാവശ്യവും പാർപ്പിടാവശ്യവും ഒരുമിച്ച് വരുന്ന കെട്ടിടങ്ങളിൽ സ്റ്റെയർ റൂം പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്നതിനാൽ സ്റ്റെയർ റൂമിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

### 1-18-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ നിലവിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1451 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം – 100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 911 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 198 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 113 |
| II | 1 | ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 21 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 26 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | 17 |
| IV | 1 | വ്യവസായം – ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 94 |
| | 2 | ഇതര വ്യവസായം | 55 |
| V | | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 1 |
| VI | | മൈക്രോ സ്മോൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 10 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 292 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-18-2 ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയ്യേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും

നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-18-3 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റേയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും അർഹതയ്ക്ക് വിധേയമായി ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-18-4 റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18-5 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കെ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടി തുക ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിര ശക്തി | ലൈസൻസ് നം. |
|---|---|---|---|---|
| 1 | ബ്രൈറ്റ് ഹോളോബ്രിക്സ് | വി വി യാക്കോബ് | 10 | 4/20-21 |
| 2 | ആതിരാ ഓട്ടോ മൊബൈൽസ് | ഉണ്ണി കെ എസ് | 10 | 6/20-21 |
| 3 | ഫിനോടച്ച് ഫർണ്ണീച്ചർ | മോഹനൻ | 9 | 7/20-21 |
| 4 | ഗ്രെയ്സ് വുഡ് വർക്ക്സ് | കെ എൻ ലൈജ്ജ | 10 | 10/20-21 |
| 5 | അക്ഷയ ബയോഫ്യൂവൽസ് | അരുൺ പി | 120 | 12/20-21 |
| 6 | എൽബിൻ പ്രിന്റേഴ്സ് | പി വി ഏലിയാസ് | 72 | 13/20-21 |
| 7 | ഗ്ലോബൽ ഇൻഡസ്ട്രീസ് | സാബു കെ കെ | 15 | 14/20-21 |
| 8 | അന്ന ഇൻഡസ്ട്രീസ് | ടി പി ജോൺസൺ | 12 | 15/20-21 |
| 9 | ശില്പ വുഡ് വർക്സ് | സലിമോൻ കെ കെ | 3 | 16/20-21 |
| 10 | അന്ന ഓയിൽ മിൽ | ടി പി ജോൺസൺ | 10 | 19/20-21 |
| 11 | പോപ്പുലർ ഇൻഡസ്ട്രീസ് | പോൾസൺ പി വർക്കി | 1080 | 74/20-21 |

| | | | | |
|---|---|---|---|---|
| 12 | ജനത റോക്ക് പ്രൊഡക്ട്സ് | വി വി ജോയ് | 150 | 75/20-21 |
| 13 | ഭാരത് റോക്ക് പ്രൊഡക്ട്സ് | വി വി ദേവസ്സിക്കുട്ടി | 450 | 76/20-21 |
| 14 | ശില്പ ഫർണ്ണീച്ചർ | പ്രകാശ് എം സി | 5 | 79/20-21 |
| 15 | ഗ്ലോറിയ ഗ്രാനൈറ്റ്സ് | അബിൻസ് എം ബേബി | 98 | 80/20-21 |
| 16 | ബ്രേദേഴ്സ് ബ്രിക്സ് | ലില്ലി ദേവസ്സിക്കുട്ടി | 10 | 85/20-21 |
| 17 | സെന്റ് അഗസ്റ്റിൻ പാക്കിംഗ് ഇൻഡസ്ട്രീസ് & സോമിൽ | മാനേജിംഗ് പാർട്ട്നർ | 40 | 88/20-21 |
| 18 | അപ്പോളോ ഗ്രാനൈറ്റ്സ് | കെ വി ചാക്കോച്ചൻ | 151 | 91/20-21 |
| 19 | സെന്റ് ജോസഫ് റൈസ് മിൽ | വി വി ജോസ് | 10 | 96/20-21 |
| 20 | മഞ്ഞപ്ര ഫ്യുവൽസ് | ടി ജെ അവറാച്ചൻ | 24 | 97/20-21 |
| 21 | വടക്കുംഞ്ചേരി ഓയിൽ മിൽ | വി വി ലൂയീസ് | 10 | 102/20-21 |
| 22 | എൻ ആർ എഞ്ചിനീയറിംഗ് വർക്ക്സ് | രാമചന്ദ്രൻ എം കെ | 29 | 103/20-21 |
| 23 | ഫാൾക്കൺസ് ഇൻഡസ്ട്രീസ് | പീറ്റർ കെ വി | 5 | 105/20-21 |
| 24 | ഗ്രീൻ ലീവ്സ് | പീറ്റർ കെ വി | 25 | 106/20-21 |
| 25 | സിറ്റി മോട്ടോഴ്സ് | ഗോപി പി ബി | 3 | 107/20-21 |
| 26 | റോയൽ ഫർണ്ണീച്ചർ വർക് ഷോപ്പ് | മാത്യു പി വി | 13.05 | 109/20-21 |
| 27 | മൂഴയിൽ ഫർണ്ണീച്ചർ മാർട്ട് | എൽദോ വർഗ്ഗീസ് | 14 | 111/20-21 |
| 28 | പ്രിൻസ് എഞ്ചിനീയറിംഗ് വർക്ക്സ് | എം പി പോൾസൺ | 10 | 113/20-21 |
| 29 | എക്സലന്റ് സ്റ്റീൽ | ബൈജു ജോർജ് | 53 | 118/20-21 |
| 30 | രമ്യ എഞ്ചിനീയറിംഗ് വർക്ക്സ് | ജോൺസൺ എം എ | 5 | 119/20-21 |
| 31 | വളാഞ്ചേരി ആഗ്രോ മിൽസ് | വി ഓ പോൾസൺ | 280 | 120/20-21 |
| 32 | ആചാര്യ വുഡ് ഇൻഡസ്ട്രീസ് | വിജയൻ എം കെ | 5 | 122/20-21 |
| 33 | ടെക്നോമെക് എഞ്ചിനീയറിംഗ് വർക്ക്സ് | പോൾ ജോക്കബ് | 35 | 123/20-21 |
| 34 | എസ് എസ് ബിൽഡേഴ്സ് | കെ വി ബോസ് | 25 | 124/20-21 |
| 35 | എ & എ ഇൻഡസ്ട്രീസ് | ആന്റു ജോസഫ് | 45 | 126/20-21 |
| 36 | അരുൺ ഫർണ്ണീച്ചർ | ശിവൻ ടി പി | 3 | 131/20-21 |
| 37 | പഴയിടത്ത് ഓട്ടോ സർവ്വീസ് സെന്റർ | സിന്ധു ഷാജി | 5 | 133/20-21 |
| 38 | ശ്രീലക്ഷ്മി വുഡ് ക്രാഫ്റ്റ് | ഗോപി ടി കെ | 5 | 136/20-21 |
| 39 | പ്രതിഭ ഹോളോബ്രിക്സ് | സെബാസ്റ്റ്യൻ കെ കെ | 15 | 137/20-21 |
| 40 | മാതാ വുഡ് ഫർണ്ണീച്ചർ | ആന്റു ജോസഫ് | 6 | 138/20-21 |
| 41 | എയ്ഞ്ചൽ വുഡ് ക്രാഫ്റ്റ് | എം പി ജോർജ് | 23 | 139/20-21 |
| 42 | കെ & കെ ആഗ്രോടെക് | സഞ്ചു ജോൺ | 235 | 141/20-21 |
| 43 | മാത ഓയിൽസ് | ബേബി വർഗ്ഗീസ് | 10 | 143/20-21 |
| 44 | ടീ ജീസ് ഫ്ലവർ മിൽ | ആനി ആന്റു | 8 | 148/20-21 |
| 45 | ദാനിയൽ എഞ്ചിനീയറിംഗ് വർക്ക്സ് | പ്രിജോ അഗസ്റ്റിൻ | 50 | 149/20-21 |
| 46 | നവീൻ ഇൻഡസ്ട്രീസ് | രഞ്ജിനി ബാബു | 35 | 151/20-21 |
| 48 | സെന്റ് തോമസ് ഫർണ്ണീച്ചർ | ഷൈജു ആന്റണി | 7 | 153/20-21 |
| 49 | അഞ്ജന സ്പൈസസ് | വി കെ ജോസ് | 3 | 155/20-21 |
| 50 | മൈപ്പാൻ വുഡ് ക്രാഫ്റ്റ് | സുജ ജോയി | 27 | 172/20-21 |
| 51 | മൈപ്പാൻ വുഡ് ഇൻഡസ്ട്രീസ് | എം പി ജോയി | 20 | 171/20-21 |
| 52 | വിശ്വാസ് വുഡ് ഇന്റീരിയേഴ്സ് | എൻ വി കൃഷ്ണകുമാർ | 4 | 186/20-21 |
| 53 | മരിയ ഫർണ്ണീച്ചർ | സിജു പൗലോസ് | 5 | 190/20-21 |
| 54 | പോൾ & സൺസ് വുഡ് ഫർണ്ണീച്ചർ | പോളച്ചൻ ടി എ | 10 | 194/20-21 |
| 55 | ഫാത്തിമ മാത ടിമ്പർ മാർട്ട് | റിൻസി പോളച്ചൻ | 46 | 195/20-21 |
| 56 | ഉഷസ് ഓയിൽ മിൽ | വിൽസൺ ചാക്കപ്പൻ | 9.5 | 201/20-21 |
| 57 | ക്രിസ് പിറ്റോസ് | അമൽ ജോസ് | 5.5 | 203/20-21 |
| 58 | ലിവിൻ ഓയിൽ & ഫ്ലവർ മിൽ | സിസിലി പാപ്പച്ചൻ | 10 | 219/20-21 |
| 60 | ശില്പ സിമെന്റ് ബ്രിക്സ് | അക്കാമ്മ മാത്യു | 7 | 235/20-21 |
| 61 | എ വൺ റബേഴ്സ് | കെ കെ രാജു | 195 | 246/20-21 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.08/24.11.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മെഡിക്കൽ ഓഫീസറുടെ കണ്ടിജന്റ് ചെലവുകൾ - അപാകതകൾ

മെഡിക്കൽ ഓഫീസർ പിഎച്ച്സി 2020-21 വർഷം നടപ്പിലാക്കിയ മെഡിക്കൽ ഓഫീസറുടെ കണ്ടിജന്റ് ചെലവുകൾ പദ്ധതിയുടെ (പ്രോജക്ട് നം-51/ 2021) ഭാഗമായി മെയിന്റനൻസ് (റോഡിതരം) ഫണ്ടിൽ നിന്ന് 267552/- രൂപ ചെലവായിട്ടുണ്ട്. 2019-20 വർഷത്തെ 7/2019 മുതലുള്ള വൈദ്യുതി / ടെലിഫോൺ ബില്ലുകൾ ഈ പദ്ധതിയുടെ ചെലവിൽ ഉൾപ്പെടുത്തിയതായി കാണുന്നു. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം സാമ്പത്തിക വർഷാരംഭം തന്നെ സ്ഥാപന മേധാവികൾ കണ്ടിജൻസി ചെലവുകളുടെ പട്ടിക തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറിയുടെ ഉത്തരവിലൂടെ തുക അനുവദിച്ച് അനുയോജ്യമായ ഫണ്ടുകളിൽ നിന്നും പദ്ധതിക്കായി തുക കണ്ടെത്തി നടപ്പിലാക്കാവുന്നതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിൽ നിന്ന് ചെലവാക്കിയ മുൻകാല ബില്ലുകൾ പദ്ധതി ചെലവിലൂടെ വീണ്ടും മാറിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ29-11-21ലെ എൻക്വയറി നം 11 ന് മുൻവർഷത്തെ ബില്ലുകൾ താൽകാലികമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൌണ്ടിൽ നിന്ന് ചെലവാക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും പദ്ധതിയുടെ ചെലവിൽ ഉൾപ്പെടുത്തിയ തുക ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൌണ്ടിലേക്ക് തിരിച്ചടച്ചതായും അറിയിച്ചു. ഹോസ്പിറ്റൽ മാനേജ്മെന്റ് ഫണ്ടിന്റെ ഓഡിറ്റ് പദ്ധതി ഓഡിറ്റിനോടൊപ്പം നടത്താത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാനാകില്ല.

പദ്ധതി ചെലവ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൌണ്ടിലേക്ക് തിരിച്ചടക്കുന്ന നടപടി ഉചിതമല്ല. കണ്ടിജന്റ് ചെലവുകൾക്കായുള്ള പദ്ധതി വിഭാവനം ചെയ്യുമ്പോൾ തന്നെ ഉൾക്കൊള്ളിക്കേണ്ട ചെലവുകളെ കുറിച്ച് വ്യക്തമായ അറിവ് ഉണ്ടായിരിക്കേണ്ടതും പദ്ധതി മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും അതത് വർഷത്തെ ചെലവുകൾ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 മെഡിക്കൽ ഓഫീസർ പിഎച്ച്സി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

**(1)**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 27/21, പിഎച്ച്സി മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| അടങ്കൽ | 5,49,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 5,49,000/- |
| ബിൽ നമ്പർ | 10/20-21 തീയതി - 23-10-20 |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 5,49,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് ബിൽ നം 5/19-20 തീ 28-10-19 ന് കൈമാറിയെങ്കിലും (PRF-1536 തീ 17-7-20)വിവിധ ഇൻവോയ്സുകളിലൂടെ ഇതുവരെ 386330/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 162670/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 29-11-21ലെ എൻക്വയറി നം 11 ന് മരുന്ന് നൽകുന്നതിന് രേഖാമൂലം മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് അറിയിപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചു.

162670/- രൂപയുടെ മരുന്ന് ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

**(2) പ്രോജക്ട് നം 50/21 -** പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതിക്കായി (അടങ്കൽ 518200- വികസന ഫണ്ട് -ജനറൽ, ചെലവ്- 509556/-)

(1) ബിൽ നം 7/20-21 തീയതി 24-8-20 പ്രകാരം ചെലവഴിച്ച 70516/- രൂപയിൽ 41562/- രൂപ മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിൽ നിന്ന് മരുന്ന് വാങ്ങുന്നതിനായി നൽകിയതായി കാണുന്നു.(PRF-1541 തീ 17-7-20) വിവിധ ഇൻവോയ്സുകളിലൂടെ ഇതുവരെ 19815/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 21747/- രൂപയുടെ രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്.

(2) ബിൽ നം 26/21 തി 4-3-21 പ്രകാരം ചെലവഴിച്ച 104816/- രൂപയിൽ 30547/- രൂപ (PRF-4877 തീ 28-1-21)മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിൽ നിന്ന് മരുന്ന് വാങ്ങുന്നതിനായി നൽകിയതായി കാണുന്നു. വിവിധ ഇൻവോയ്സുകളിലൂടെ ഇതുവരെ 28730/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 1817/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്.

(3) മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 29-11-21ലെ എൻക്വയറി നം 11 ന് മരുന്ന് നൽകുന്നതിന് രേഖാമൂലം മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് അറിയിപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചു. 23564/- രൂപയുടെ മരുന്ന് ലഭ്യമാക്കി വിശദാംശങ്ങടക്കം അറിയിക്കേണ്ടതാണ്.

രണ്ട് പദ്ധതികളിലുമായി ആകെ ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 186234/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സാമൂഹ്യ ക്ഷേമപെൻഷൻ- അപാകതകൾ

1. എല്ലാ മരണ രജിസ്ട്രേഷൻ അപേക്ഷയോടൊപ്പവും ആധാർ നമ്പർ വിവരങ്ങൾ ശേഖരിക്കുകയോ മരണപ്പെട്ട ആൾ സാമൂഹ്യ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി പെൻഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.
2. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ 28-9-19 ലെ സർക്കുലർ നം PAN/2021/2019-DBT-1(DP) പ്രകാരം പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദു ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുള്ളതാണ്.

3. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകണ്ട് നൽകിയ 30-11-21ലെ ഓഡിറ്റ് എൻക്വയറി നം 14 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചീഫ് രജിസ്ട്രാർ(ജനന-മരണം)-ന്റെ 19-10-2019ലെ B1-30277/2017 സർക്കുലർ പ്രകാരം മരണ രജിസ്ട്രേഷന് ആധാർ കാർഡ് നിർബന്ധമായി ഹാജരാക്കുന്നതിന് നിഷ്കർഷിക്കേണ്ടതില്ല എന്നും സ്വമേധയ

ഹാജരാക്കുന്ന ആധാർ നമ്പറിന്റെ ആദ്യത്തെ 8 അക്കങ്ങൾ തിരിച്ചറിയാത്തവിധം മറയ്ക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുള്ളതായും ആയതിനാലാണ് മരണ രജിസ്ട്രേഷൻ ഫയലുകളിൽ ആധാർ നമ്പർ സൂക്ഷിക്കാത്തത് എന്നും അറിയിച്ചു. മരണ രജിസ്ട്രേഷൻ ഫയലുകളിൽ ആധാർ നിർബന്ധമാക്കേണ്ടതില്ല എങ്കിലും പെൻഷണർ മരണപ്പെടുകയാണ് എങ്കിൽ പെൻഷൻ നൽകുന്നത് നിർത്തൽ ചെയ്യേണ്ട് അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ മരണ രജിസ്ട്രേഷന്റെ അപേക്ഷകൾ അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കുന്നതിനായി പ്രത്യേക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. 2020-21 വർഷം മരണപ്പെട്ടവരുടെ ലിസ്റ്റ് ഹാജരാക്കേണ്ടതും ഓരോ കേസിലും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ സഹിതം അറിയിക്കേണ്ടതാണ്.

5. പെൻഷൻ വൈകി സസ്പെൻഡ് ചെയ്യുന്ന കാര്യങ്ങളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6. ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-22 പ്രീ-മൺസൂൺ പ്രവർത്തന ചെലവുകൾ - ചെലവുരേഖകൾ ഹാജരാക്കിയില്ല.

പ്രീ-മൺസൂൺ പ്രവർത്തന ചെലവുകൾക്കായി വൌച്ചർ നം 22000146 തീ 29-5-20 പ്രകാരം തനത് ഫണ്ടിൽ നിന്ന് 130000/- രൂപ (ചെക്ക് നം 304917 തീ 29-5-20 )ചെലവഴിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 1-12-21 ലെ 20ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ ഇനങ്ങളിൽ ഈ തുക ചെലവ് ചെയ്തിട്ടായിട്ടുള്ള മെഡിക്കൽ ഓഫീസറുടെ മറുപടിയും ചെലവ് സ്റ്റേറ്റ്മെന്റും മാത്രമാണ് ഹാജരാക്കിയത്. ഓരോ വാർഡുകളിലും തുക ചെലവഴിച്ചതിന്റെ വൌച്ചറുകൾ, ബില്ലുകൾ മറ്റു ചെലവ് രേഖകൾ എന്നിവ ഹാജരാക്കുന്നതുവരെ ചെലവുതുകയായ 130000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 പ്രളയത്തിൽ ജീവനോപാധിയായ കന്നുകളെ നഷ്ടപ്പെട്ടവർക്ക് കിടാരികളെ വാങ്ങി നല്കൽ - അപാകതകൾ

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ട് നം 195/21, പ്രളയത്തിൽ ജീവനോപാധിയായ കന്നുകളെ നഷ്ടപ്പെട്ടവർക്ക് കിടാരികളെ വാങ്ങി നല്കൽ എന്ന പദ്ധതി നടത്തിപ്പിനായി 16 പേർക്ക് കിടാരികളെ വാങ്ങി നല്കുന്നതിനായി 256000/- ചെലവ് ചെയ്തിട്ടുള്ളതാണ് (അടങ്കൽ-480000/-വികസന ഫണ്ട് 471000, തനത്ഫണ്ട് -9000). പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് 2019-20ൽ അനുവദിച്ച പ്രത്യേകഫണ്ട് ഉപയോഗിച്ച് സ്പിൽ ഓവർ പദ്ധതിയായാണ് നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാർ ഉത്തരവ് (കൈ)നം 170/2019/ തസ്വഭവ തീ 23/12/2019 പ്രകാരം പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് അനുവദിച്ച തുക വിനിയോഗിക്കുന്നതിന് പ്രത്യേക മാർഗരേഖ പുറപ്പെടുവിച്ചിരുന്നു. അതു പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് അപേക്ഷാഫോറത്തിൽ പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധിയുടെ വിശദാംശങ്ങൾ, ആഗ്രഹിക്കുന്ന ജീവനോപാധിയുടെ വിശദാംശങ്ങൾ, മറ്റു വകുപ്പുകൾ മുഖേന ആനുകൂല്യം ലഭിച്ചവരുടെ പട്ടിക തയ്യാറാക്കി ഇരട്ടിപ്പ് ഒഴിവാക്കൽ, കൂടാതെ കൃത്യമായ അർഹതാമാനദണ്ഡത്തിലൂടെ സുതാര്യമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രോജക്ട് നടത്തിപ്പിൽ ഇത്തരത്തിൽ യാതൊരുവിധ രേഖപ്പെടുത്തലുകളും ഇല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആനുകൂല്യം നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പ്രളയത്തിൽ ജീവനോപാധിയായ കന്നുകളെ നഷ്ടപ്പെട്ടവർക്ക് ആയത് വാങ്ങി നല്കൽ എന്ന പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവർ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർ തന്നെയാണോ എന്നതിന് വ്യക്തതയില്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകണ്ട് 22-11-21ലെ ഓഡിറ്റ് എൻക്വയറി നം 2 ന് നൽകിയ മറുപടി ഡിപ്പാർട്ട് മെന്റ്/വില്ലേജിൽ നിന്നും പ്രളയനഷ്ടത്തിന് ആനുകൂല്യം ലഭിച്ച അപേക്ഷകരിൽ നിന്നും അവർ ആഗ്രഹിക്കുന്നത് ആവശ്യപ്പെട്ടിട്ടാണ് നൽകിയത് എന്നും പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച പദ്ധതി ലിസ്റ്റ് 2/20 ലാണ് ലഭിച്ചത് എന്നുമാണ് അറിയിച്ചത്. പദ്ധതി ഫയലിൽ ഇത് സാധൂകരിക്കുന്ന രേഖകളൊന്നും ഇല്ലാത്തതിനാൽ ഈ മറുപടി തൃപ്തികരമല്ല. പ്രളയത്തിൽ ജീവനോപാധിയായ ആടുകളെ ലഭിച്ചത്, കന്നുകളെ നഷ്ടപ്പെട്ടവർക്കാണ് എന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതും ഭാവിയിൽ പദ്ധതി നടത്തിപ്പിൽ മാർഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-24 കൃഷി ഓഫീസറുടെ കണ്ടിജന്റ് ചെലവുകൾ - അപാകതകൾ

കൃഷി ഓഫീസർ 2020-21 വർഷം നടപ്പിലാക്കിയ കൃഷി ഓഫീസറുടെ കണ്ടിജന്റ് ചെലവുകൾ പദ്ധതിയുടെ (പ്രോജക്ട് നം-62/2021 അടങ്കൽ-100000/-, ചെലവ്- 89703/-) ഭാഗമായി മെയിന്റനൻസ് (റോഡിതരം) ഫണ്ടിൽ നിന്ന് വിവിധ ബില്ലുകളിലൂടെ 89703/- രൂപ ചെലവായിട്ടുണ്ട്.

ആസ്തി ആർജിക്കുന്ന കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രത്യേക പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടതായിരുന്നു എങ്കിലും കണ്ടിജന്റ് ചെലവുകളിൽ ഉൾപെടുത്തി ഈ പദ്ധതിയുടെ ചെലവിൽ നിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിനായി 40469/- രൂപ ചെലവാക്കിയതായി കാണുന്നു (ബിൽ നം 20110952015100944291 തീ 14-01-21). പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം സാമ്പത്തിക വർഷാരംഭം തന്നെ സ്ഥാപന മേധാവികൾ കണ്ടിജൻസി ചെലവുകളുടെ പട്ടിക തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറിയുടെ ഉത്തരവിലൂടെ തുക അനുവദിച്ച് അനുയോജ്യമായ ഫണ്ടുകളിൽ നിന്നും പദ്ധതിക്കായി തുക കണ്ടെത്തി നടപ്പിലാക്കാവുന്നതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകണ്ട് നൽകിയ 29-11-21ലെ ഓഡിറ്റ് എൻക്വയറി നം 12-ന് നിലവിൽ ഉപയോഗത്തിലിരുന്ന കമ്പ്യൂട്ടറിന് കാലപഴക്കം മൂലം കാര്യക്ഷമത കുറവായതിനാലും കൃഷി വകുപ്പിൽ നിന്ന് ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാലും ആണ് കണ്ടിജന്റ് ചെലവുകളിൽ ഉൾപെടുത്തി വാങ്ങിയത് എന്ന മറുപടിയാണ് നൽകിയത്.

ഇത്തരത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി രൂപീകരിക്കുകയും ചെലവാക്കാതെ അധികമായി വരുന്ന തുക പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ ഇല്ലാത്ത ഇനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്യുന്നത് ഉചിതമായ നടപടിയല്ല. കണ്ടിജന്റ് ചെലവുകൾക്കായുള്ള പദ്ധതി വിഭാവനം ചെയ്യുമ്പോൾ തന്നെ ഉൾക്കൊള്ളിക്കേണ്ട ചെലവുകളെ കുറിച്ച് വ്യക്തമായ അറിവ് ഉണ്ടായിരിക്കേണ്ടതും പദ്ധതി മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-25 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി കുറവ് ചെയ്യുന്നത് സംബന്ധിച്ച്

ഐ.സി.ഡി.എ സ് സൂപ്പർവൈസർ 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം-52/2021) ഭാഗമായി അങ്കണവാടികളിൽ കി.ഗ്രാമിന് 70 രൂപ നിരക്കിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് വെങ്ങോല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റും മറ്റ് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തത് സിവിൽ സപ്ലൈസ് കോർപറേഷനുമാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത സഫല, അമൃതം ന്യൂട്രിമിക്സ് , സിവിൽ സപ്ലൈസ് കോർപറേഷൻ എന്നിവയുടെ ബില്ല് പരിശോധിച്ചതിൽ, ഇവയുടെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു.

ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി വിതരണം ചെയ്ത സഫല, അമൃതം ന്യൂട്രിമിക്സ് എന്നിവയ്ക്കും മറ്റ് ഭക്ഷണ സാധനങ്ങൾക്കായി സിവിൽ സപ്ലൈസ് കോർപറേഷനും നൽകിയ ബിൽ തുക ജി.എസ്.ടി തുകയുടെ വിശദാംശങ്ങൾ അടക്കം ലഭ്യമാക്കേണ്ടതുമാണ്. ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 30-11-2021-ലെ ഓഡിറ്റ് എൻക്വയറി നം 13 യ്ക്ക് നൽകിയ മറുപടിയിൽ സർക്കാർ ഉത്തരവ് (സാധാ) നം 1450/2018/തസ്വഭവ തീ 25-5-2018 പ്രകാരം ജി.എസ്.ടി ഉൾപെടുത്തിയാണ് അമൃതം ന്യൂട്രിമിക്സിന് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത് എന്ന് അറിയിച്ചു. ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം 2020-21 വർഷം വെങ്ങോല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് 457132/-രൂപയുടേയും സിവിൽ സപ്ലൈസ് കോർപറേഷൻ 592675/-രൂപയുടേയും സാധനങ്ങൾ വിതരണം ചെയ്തതായും അറിയിച്ചു.

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടാകുന്നുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ ജി.എസ്.ടി റീഫണ്ടായി ലഭിക്കുന്നതിന് സാധ്യതയുണ്ട്. ഇക്കാര്യത്തിൽ സർക്കാർ സ്പഷ്ടീകരണത്തിനായി ശ്രമിക്കേണ്ടതും ജി.എസ്.ടി റീഫണ്ട് ലഭിക്കുന്നമുറക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി-ജി എസ് ടി കുറവുചെയ്യുന്നത് സംബന്ധിച്ച്

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മെറ്റീരിയൽ, ലേബർ എന്നിവ സപ്ലൈ ചെയ്യുന്നതിനായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ളതായും തൻവർഷം ചെലവായ തുകയിൽ 2511591/- രൂപ ഈ ഇനങ്ങളിൽ ചെലവായിട്ടുള്ളതായും കാണുന്നു.

കോൺട്രാക്ടർമാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങളും ജി.എസ്.ടി. കുറവു ചെയ്തിട്ടുണ്ട് എങ്കിൽ അതിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 01-12-21ലെ ഓഡിറ്റ് എന്ക്വയറി നം 16 ലഭ്യമാക്കിയ മറുപടി പ്രകാരം താഴെ ചേർത്ത കരാറുകാരുമായി ഏർപ്പെട്ട റേറ്റ് കോൺട്രാക്ട് പ്രകാരം വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്ത വകയിൽ തൻവർഷം രണ്ടര ലക്ഷത്തിലധികം തുക കൈമാറിയിട്ടുണ്ട് .

| പേര് | നൽകിയ തുക | ജി.എസ്.ടി. ടി.ഡി.എസ്. ചെയ്യേണ്ട തുക |
|---|---|---|
| വർഗീസ് എം ജെ | 998701 | 19960 |
| രമേശൻ പി | 378087 | 7562 |

നിയമാനുസൃതം ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി. ഈടാക്കിയിട്ടുണ്ടോ എന്നതിന് വ്യക്തതയില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 2021-22വർഷം രമേശൻ പി 7322/-രൂപയും വർഗീസ് എം ജെ 18112/- ടി ഡി എസ് ഇനത്തിൽ പഞ്ചായത്തിൽ അടച്ചിട്ടുണ്ട് എന്നറിയിച്ചു എങ്കിലും ഇത് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല. അടച്ച തുക 2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് എന്നതിനുള്ള രേഖകൾ 2021-22 വർഷം കോൺട്രാക്ടർമാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങളടക്കം ഹാജരാക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-27 സ്ട്രീറ്റ് ലൈറ്റ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്

മീറ്റർ അടിസ്ഥാനത്തിലും കൂടാതെ ബൾബുകളുടെ എണ്ണം കണക്കാക്കിയുമാണ് പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് ചാർജ് അടവാക്കുന്നത്. മീറ്റർ സ്ഥാപിച്ച തെരുവ് വിളക്കുകൾക്ക് 21,140/- രൂപയും കൂടാതെ ബൾബുകളുടെ ഇനത്തിന്റേയും എണ്ണത്തിന്റേയും അടിസ്ഥാനത്തിൽ 76,840/ രൂപയും പ്രതിമാസം സ്ട്രീറ്റ് ലൈറ്റ് ചാർജ് അടവാക്കുന്നു. മീറ്റർ പ്രകാരം ആകെ 25 കൺസ്യൂമർ നമ്പറുകളാണ് ഉള്ളത്.

ഇതിൽ ഏതെല്ലാം തെരുവ് വിളക്കുകൾക്കാണ് മീറ്റർ പ്രകാരം സ്ട്രീറ്റ് ലൈറ്റ് ചാർജ് അടക്കുന്നതെന്നും എന്നോ ഏതെല്ലാം തെരുവ് വിളക്കുകൾക്കാണ് ബൾബുകളുടെ ഇനത്തിന്റേയും എണ്ണത്തിന്റേയും അടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റ് ചാർജ് അടക്കുന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ സ്ട്രീറ്റ് ലൈറ്റ് ചാർജ് അടക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. മീറ്റർ അടിസ്ഥാനത്തിലും ബൾബുകളുടെ അടിസ്ഥാനത്തിലും ബൾബുകളുടെ സ്റ്റോക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-28 വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം - സംയുക്ത പരിശോധനയ്ക്ക് ശേഷവും അധിക തുക അടയ്ക്കുന്നു.

മഞ്ചപ്ര ഗ്രാമപഞ്ചായത്തിൽ ആകെ 178 കുടിവെള്ള ടാപ്പുകളാണ് ഉള്ളത്. ഇതിൽ ഉപയോഗയോഗ്യമായതും, ഉപയോഗശൂന്യമായതും ആയിട്ടുള്ള ടാപ്പുകൾ ഉൾപ്പെടുന്നു. ഈ 178 ടാപ്പുകൾക്കും കൂടി 77,875/- രൂപ പ്രതിമാസം വെള്ളക്കരമായി നൽകുന്നു. സർക്കാർ ഉത്തരവ് എഫ്.എം3/247/19 Dtd 13-8-19 ഉത്തരവ് പ്രകാരം ഉപയോഗയോഗ്യമായതും ഉപയോഗ്യശൂന്യമായതുമായ ടാപ്പുകൾ കണ്ടുപിടിക്കുന്നതിന് ഗ്രാമപഞ്ചായത്തും, കേരള വാട്ടർ അതോറിട്ടിയും കൂടി സംയുക്ത പരിശോധന നടത്തിയിരുന്നു. ഈ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് 7-12-19 ലും, 20-7-21 – ലും വാട്ടർ അതോറിറ്റിക്ക് കത്ത് അയച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. ആയതിനാൽ ഇപ്പോഴും എല്ലാ ടാപ്പുകൾക്കും വെള്ളക്കരം നൽകി വരുന്നു.

ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും ഒരുമിച്ചാണ് സംയുക്ത പരിശോധന നടത്തിയത് എന്നതിനാൽ ആ റിപ്പോർട്ടിന്റെ പകർപ്പ് പഞ്ചായത്തിലും ഉണ്ടാകേണ്ടതാണ്. ആയതിനാൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് അയക്കുന്നതിന്റെ കാരണം വ്യക്തമല്ല. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ടാപ്പുകളുടെ എണ്ണത്തിനനുസരിച്ച നിരക്ക് പ്രകാരമുള്ള ബില്ല് തരുവാൻ ആവശ്യപ്പെടേണ്ടതും അത് പ്രകാരമുള്ള തുക അടവാക്കേണ്ടതുമാണ്. തുക അധികം നൽകിയിട്ടുണ്ടെങ്കിൽ, ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2020-2021 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് , കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ | 22000136 21-05-20 | 176991 | 0 | 176991 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000286 02-07-20 | 170864 | 0 | 170864 |
| | **ആകെ** | | **347855** | **0** | **347855** |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 23000145 31-03-21 | 787000 | 0 | 787000 |
| | **ആകെ** | | **787000** | **0** | **787000** |

മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപിക്കപ്പെട്ട തുക ബന്ധപ്പെട്ട പ്രൊജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ആകെ നിക്ഷേപിച്ച ചെലവ് തുക **11,34,855**/- രൂപ തടസ്സപ്പെടുത്തുന്നു.

മുൻവർഷങ്ങളിലും കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന പ്രൊജക്ടുകൾക്കായി നിക്ഷേപിച്ച തുകയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക (31.03.2021 വരെ) |
|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് മീറ്ററിംഗ് (2015-2016) | 450000 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (2015-16) | 69508 |
| | CFL സ്ഥാപിക്കൽ (2016-17) | 7053 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (2017-18) | 10330 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (2020-21) | 176991 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (2020-21) | 170864 |
| | **ആകെ** | **884746** |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (2015-16) | 7316 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (2015-16) | 4432 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (2015-16) | 1050 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (2016-17) | 31043 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 4292 |

| | | |
|---|---|---|
| | (2016-17) | |
| | വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ (2018-19) | 300000 |
| | വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ (2019-20) | 350000 |
| | വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ (2020-21) | 787000 |
| | **ആകെ** | **1485133** |

മേൽപ്പറഞ്ഞ പ്രൊജക്ടുകൾക്കുവേണ്ടി വിവിധ വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ,കേരള വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ ചെലവഴിച്ചത് കിഴിച്ച് ബാക്കി ചെലവഴിക്കാനുള്ള (വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത് ) തുകയാണ് 2020-21 വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മുൻവർഷങ്ങളിൽ വിനിയോഗസർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രൊജക്ടുകളിൽ ബാക്കി നിൽക്കുന്ന തുകയ്ക്കുള്ള പ്രവൃത്തി നടന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-30 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

2019-2020 സാമ്പത്തികവർഷം മഞ്ചപ്ര ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർമാർ, മെഡിക്കൽ ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു.

2020 മാർച്ച് മാസം മദ്ധ്യത്തോടെ കോവിഡ് -19 ആരംഭിച്ചതുമുതൽ പഞ്ചായത്ത് മെമ്പർമാരുടെയും, സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിൽ ക്വാറന്റീൻ സെന്റർ പ്രവർത്തനം ആരംഭിച്ചിരുന്നു. ക്വാറന്റീൻ സെന്ററിന്റെ ദൈനംദിനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധസാമഗ്രികൾ, മരുന്നുകൾ എന്നിവ വാങ്ങൽ , ക്ലീനിംഗ് ചെലവുകൾ, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയ വിവിധ ഇനങ്ങളിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവ് വന്നിട്ടുണ്ട്.

| വർഷം | ക്വാറന്റീൻ സെന്റർ പ്രവർത്തിച്ചിരുന്ന സ്ഥലം | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 2019-2020 | മഞ്ചപ്ര ഗവ. സ്കൂൾ<br>27-03-2020 മുതൽ 03-05-2020 വരെ | 1,03,418/- | തനത് ഫണ്ട് |
| | **ആകെ** | **1,03,418/-** | |

2019-2020 സാമ്പത്തികവർഷം പഞ്ചായത്ത് പ്രദേശത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ് മെന്റ് സെന്റർ ( FLTC) കൾ പ്രവർത്തിച്ചിരുന്നില്ല.

**2020-2021**

കോവിഡ് വ്യാപനം രൂക്ഷമായ 2020-2021 സാമ്പത്തികവർഷമാണ് കോവിഡ് നിർവ്യാപനപ്രവർത്തനങ്ങളിൽ പഞ്ചായത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്.

03/2020 മുതൽ മുതൽ പഞ്ചായത്തിന്റെ വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി ആരംഭിച്ച സാമൂഹ്യ അടുക്കളകൾ 05/2020 വരെ തുടർന്നിരുന്നു. ഈ സാമൂഹ്യഅടുക്കളയുടെ പ്രവർത്തനങ്ങൾ നടന്നിരുന്നത് സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും, രോഗപ്രതിരോധസാമഗ്രികൾ, സാമൂഹ്യഅടുക്കളയിലേക്ക് വിവിധതരം പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, എന്നിവയുടെ സംഭാവനകളിലൂടെയും ആയിരുന്നു.

2020-21 സാമ്പത്തികവർഷം പഞ്ചായത്തിലെ ജ്യോതിസ്സ് സെൻട്രൽ സ്കൂളിൽ 20-07-2020 മുതൽ 31-03-2021 വരെ FLTC പ്രവർത്തിച്ചിരുന്നു.

| വർഷം | ക്വാറന്റീൻ സെന്റർ പ്രവർത്തിച്ചിരുന്ന സ്ഥലം | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 2020-2021 | മജ്യോതിസ്സ് സെൻട്രൽ സ്കൂൾ | 4,66,746/- | തനത് ഫണ്ട് |
| | **ആകെ** | **4,66,746/-** | |

2020-2021 സാമ്പത്തികവർഷം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നടത്തിയിരുന്ന പ്രവർത്തനത്തിന്റെ സംക്ഷിപ്തം |
|---|---|---|---|---|
| S209/21 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 2,00,000/- | 2,00,000/- | മരുന്ന് വാങ്ങൽ, സാനിറ്റേഷൻ സാമഗ്രികൾ വാങ്ങൽ, ക്ലീനിംഗ് ജീവനക്കാരുടെ വേതനം |
| S257/21 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 1,00,000/- | 1,00,000 | - ടി - |
| S269/21 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 97,425/- | 97,425/- | - ടി - |

പഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ തലത്തിലുള്ള വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്ന് സംഭാവനകൾ പണമായും, സാമഗ്രികളായും- പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, മരുന്നുകൾ,

പ്രതിരോധസാമഗ്രികൾ - പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ഫെഡറൽ ബാങ്ക്. എസ്.ബി.ഐ. എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും, വിവിധ വ്യക്തികളിൽ നിന്നും 2019-2020 ൽ 83,499/- രൂപയും, 2020-21 ൽ 1,88,000/- രൂപയും സംഭാവനയായി കിട്ടിയിരുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും 2020-21 ൽ 50,000/- രൂപയും ലഭിച്ചിരുന്നു. ലഭ്യമായ സംഭാവനതുക മുഴുവൻ തൻവർഷങ്ങളിൽ തന്നെ ചെലവഴിച്ചിട്ടുണ്ട്.

കോവിഡ് രോഗപ്രതിരോധപ്രവർത്തനങ്ങളിൽ അടിയന്തിരമായും, ഒഴിവാക്കാനാവത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, വാടക, താല്ക്കാലിക ജീവനക്കാരുടെ വേതനം തുടങ്ങിയ ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-31 മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സ്ഥലം വാങ്ങിയത് - കേസ് നടത്തിപ്പിലെ വീഴ്ച - പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് വേണ്ടി 2004 ൽ ശ്രീമതി. മറിയാമ്മ പാപ്പച്ചൻ എന്നയാളിൽനിന്ന് ഒരു ഏക്കർ 76 സെന്റ് ( 71 ആർ 22 ച.മീറ്റർ ) സ്ഥലം സെന്റിന് 15,600/- രൂപ പ്രകാരം ആകെ 27,45,600/- രൂപ തീറ് വില കണക്കാക്കി പഞ്ചായത്ത് വാങ്ങിയിരുന്നു. ടി സ്ഥലം കൈമാറുന്നതിന് 25/03/2004ൽ വസ്തു വില്പന എഗ്രിമെന്റ് തയ്യാറാക്കുകയും, അതു പ്രകാരം 31/03/2004 ാം തീയതി അങ്കമാലി സബ് രജിസ്ട്രാർ ഓഫീസിൽ 1635/04-ാം നമ്പറായി പഞ്ചായത്തിന്റെ പേരിൽ തീറാധാരം രജിസ്റ്റർ ചെയ്ത് നല്കുകയുണ്ടായി. ടി തീറാധാരം രജിസ്റ്റർ ചെയ്ത ദിവസം ആകെ സ്ഥലവിലയായ 27,45,600/- രൂപയിൽ 10,00,000/- രൂപ പഞ്ചായത്ത് സ്ഥലമുടമയ്ക്ക് നല്കി. വസ്തു വില്പന എഗ്രിമെന്റ് പ്രകാരം ബാക്കി തുക 3 ഗഡുക്കളായി 2004 മെയ് ,ജൂൺ, ജൂലൈ മാസങ്ങളിലായി യഥാക്രമം 6,66,000/, 6,66,000/,4,13,600/- എന്നിങ്ങനെ കൊടുത്തു തീർക്കണമെന്നായിരുന്നു വ്യവസ്ഥ.

എന്നാൽ ടി കാലയളവിൽ പഞ്ചായത്ത് ടി തുക സ്ഥലമുടമയ്ക്ക് നല്കിയില്ല. തുടർന്ന് 31/03/2005ൽ ബാക്കി നല്കാനുള്ള തുകയിൽ 15,10,998/- രൂപ കൂടി പഞ്ചായത്ത് സ്ഥലമുടമയ്ക്ക് നല്കി. അങ്ങനെ ആകെ 25,10,998/- രൂപയാണ് സ്ഥലവിലയായി പഞ്ചായത്ത് നല്കിയത്. ബാക്കി തുകയായ 2,34,602/- രൂപ പഞ്ചായത്ത് നല്കിയില്ല. പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിന്റെ തെക്ക് ഭാഗത്ത് വഴിയുണ്ടെന്നും, വഴിയുൾപ്പെടെ 15 സെന്റ് സ്ഥലം സ്ഥലമുടമകൾ നേരത്തെ തന്നെ പഞ്ചായത്തിന് വിട്ടുനല്കിയിരുന്നതുമാണ്. ഈ സ്ഥലം പഞ്ചായത്തിന് സ്ഥലമുടമ വിറ്റ 1.76 ഏക്കർ സ്ഥലത്തിൽ ഉൾപ്പെട്ടതിനാൽ അത്രയും സ്ഥലത്തിന്റെ വിലയായ 2,34,602/- പഞ്ചായത്ത് സ്ഥലമുടമയ്ക്ക് നല്കാതിരുന്നത് എന്നാണ് പഞ്ചായത്തിന്റെ വാദം.

തുടർന്ന് തീറർത്ഥത്തിൽ ബാക്കി നല്കാനുള്ള തുകയും, അതിന്റെ അന്നുവരെയുള്ള പലിശയും, കോടതിച്ചെലവും ഉൾപ്പെടെ 4,37,595/- രൂപ പഞ്ചായത്തിൽ നിന്ന് ഈടാക്കുവാൻ ഉത്തരവുണ്ടാകുന്നതിനായി ശ്രീമതി. മറിയാമ്മ പാപ്പച്ചൻ പഞ്ചായത്തിനെതിരെ ബഹു. പറവൂർ സബ് കോടതി മുമ്പാകെ OS No.114/2006 നമ്പറായി അന്യായം ഫയൽ ചെയ്തു. വഴിക്ക് വിട്ടുതന്ന സ്ഥലത്തിന് തുക ആവശ്യപ്പെടാൻ പരാതിക്കാരിയായ സ്ഥലമുടമയ്ക്ക് അവകാശമില്ലെന്ന് പഞ്ചായത്ത് വാദിച്ചു. എന്നാൽ വഴിയ്ക്കുവേണ്ടി സ്ഥലമുടമകൾ നേരത്തെ സ്ഥലം വിട്ട് നല്കിയതിന് തെളിവുകൾ ഹാജരാക്കുന്നതിനോ, വഴി ഉണ്ടായിരുന്നുവെന്നതിന് തെളിവായി റവന്യൂ രേഖകൾ ഹാജരാക്കി കോടതിയെ ബോദ്ധ്യപ്പെടുത്തുവാൻ പഞ്ചായത്തിന് സാധിച്ചില്ല. തുടർന്ന് ബഹു. പറവൂർ സബ് കോടതി 31.10.2007ൽ ശ്രീമതി. മറിയാമ്മ പാപ്പച്ചന്റെ ഹർജി അനുവദിച്ചുകൊണ്ട് 4,37,595/- രൂപ പരാതിക്കാരിക്ക് നല്കാൻ ഉത്തരവായി.

തുടർന്ന് പഞ്ചായത്ത് ബഹു. ഹൈക്കോടതിയിൽ RFA No. 193/2008 നമ്പറായി അപ്പീൽ ഫയൽ ചെയ്തു. എന്നാൽ ഈ അപ്പീലിന്മേൽ ബഹു. ഹൈക്കോടതി 18/09/2018 ൽ പുറപ്പെടുവിച്ച വിധിയിൽ പഞ്ചായത്തിന്റെ വാദഗതികൾ നിരാകരിയ്ക്കുകയും, അതേസമയം പഞ്ചായത്ത് അടയ്ക്കേണ്ടതായ പലിശ 12% ൽ നിന്ന് 9% മായി കുറയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ തുകയും അടയ്ക്കാതെ വന്നപ്പോൾ തുക ഈടാക്കുന്നതിനായി ശ്രീമതി. മറിയാമ്മ പാപ്പച്ചൻ വീണ്ടും ബഹു. പറവൂർ സബ് കോടതിയിൽ ഒരു എക്സിക്യൂട്ടീവ് പെറ്റീഷന് (EP No.6/2018) ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തുക നല്കാതിരുന്നതിന് പഞ്ചായത്തിന്റെ വസ്തുവകകൾ കോടതി മുഖേന ജപ്തി ചെയ്ത് വിൽപ്പന നടത്തി ഉടമസ്ഥയ്ക്ക് തുക നല്കുന്നതിന് ഉത്തരവായി.

ഈ ഉത്തരവിനെതിരെ സുപ്രീകോടതിയിൽ അപ്പീൽ ( Special Leave Pettition) കൊടുക്കുന്നതിനെപ്പറ്റി 27/09/2019ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി ചർച്ചചെയ്തു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്താലും പഞ്ചായത്തിന്റെ വാദഗതികൾ നിലനില്ക്കുന്നതല്ലെന്നും, ആയതിനാൽ പഞ്ചായത്തിന് അനുകൂലമായി വിധി വരാൻ സാധ്യതയില്ലെന്നുമുള്ള നിയമോപദേശത്തിന്റെയും, ഭരണസമിതിയിലെ ഭൂരിപക്ഷാഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബഹു. പറവൂർ സബ് കോടതിയുടെ വിധിപ്രകാരം സ്ഥലമുടമയ്ക്ക് നല്കാനുള്ള തുക കോടതിയിൽ കെട്ടിവെക്കുന്നതിന് സാവകാശം ആവശ്യപ്പെടാനും, ആദ്യഗഡു തുകയായി 2,00,000/- ഉടൻതന്നെ കോടതിയിൽ കെട്ടിവെക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ( തീ.നം. 1(1)/ 27/09/2019)

മേൽപ്രസ്താവിച്ച ഉത്തരവ് പ്രകാരം കോടതിച്ചെലവും, പിഴപ്പലിശയിനത്തിലും (9 % / Year) ഉൾപ്പെടെ പരാതിക്കാരിക്ക് താഴെപ്പറയും പ്രകാരം തുക നല്കേണ്ടതുണ്ടായിരുന്നു.

കോടതി വിധി പ്രകാരം പരാതിക്കാരിക്ക് ലഭിക്കേണ്ട തുക = 4,37,595/-

പലിശ ( 9% / Annum) = 5,05,090/- (24.10.2019 വരെ)

കോടതിച്ചെലവ് = 53,051 /
ആകെ – **9,95,736 /-**

മേല്പ്പറഞ്ഞ കണക്കുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം പരാതിക്കാരിക്ക് ആകെ 9,95,736 /- - രൂപ കോടതിയിൽ കെട്ടിവെയ്ക്കപ്പെട്ടു.

| Amount Paid | Cheque No. / Date | Progressive Total |
|---|---|---|
| 2,00,000 | 231737 24.10.2019 | 2,00,000 |
| 50,000 | 231746 26.11.2019 | 2,50,000 |
| 50,000 | 231755 26.12.2019 | 3,00,000 |
| 50,000 | 231762 25.01.2020 | 3,50,000 |

| | | |
|---|---|---|
| 50,000 | 231778 27.02.2020 | 4,00,000 |
| 50,000 | 231801 25.03.2020 | 4,50,000 |
| 50,000 | 231853 27.04.2020 | 5,00,000 |
| 50,000 | 231923 26.05.2020 | 5,50,000 |
| 50,000 | 304901 27.06.2020 | 6,00,000 |
| 50,000 | 304970 28.07.2020 | 6,50,000 |
| 50,000 | 304999 27.08.2020 | 7,00,000 |
| 50,000 | 305070 25.09.2020 | 7,50,000 |
| 50,000 | 508459 28.10.2020 | 8,00,000 |
| 1,50,000 + 45736 | 508469 01.03.2021 | **9,95,736** |

2005ൽ സ്ഥലമുടമയായ പരാതിക്കാരിക്ക് ബാക്കി തുകയായ 2,34,602/- രൂപ കൂടി നല്കി ആകെ 27,45,660/- രൂപ ചെലവഴിച്ച് ടി വസ്തു പഞ്ചായത്തിന്റെ ആസ്തിയായി മാറ്റാവുന്ന സാഹചര്യത്തിൽ നിയമപരമായി നിലനിൽക്കാത്ത കാരണം ചൂണ്ടിക്കാണിച്ച് കോടതി വ്യവഹാരത്തിലേക്കും, തുടർന്ന് പഞ്ചായത്തിന് പ്രതികൂലമായ കോടതി വിധിയിലേക്കും നയിച്ച തെറ്റായ നടപടിക്രമത്തിലൂടെ പഞ്ചായത്തിന് 7.5 ലക്ഷത്തോളം രൂപ അധികച്ചലവ് വന്നുവെന്ന് കാണാം. 35,06,734/- രൂപ ആകെ ചെലവായി. കൂടാതെ കേസ് നടത്തിപ്പിന് വക്കീൽഫീസിനത്തിലും നല്ലൊരു തുക ചെലവായിട്ടുണ്ട്.

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻഡ് നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ 2004-ൽ സാമാന്യം ഭേദപ്പെട്ട വില നല്കി വാങ്ങിയ 2 ഏക്കർ 76 സെന്റ് സ്ഥലം പിന്നീട് നാളിതുവരെ ഒരു ബസ് സ്റ്റാൻഡ് എന്ന നിലയിലേക്ക് വികസിപ്പിച്ചിട്ടില്ല. അതേസമയം ഈ സ്ഥലം നിലനിർത്തുന്നതിന് വേണ്ടിയുള്ള കേസ് നടത്തിപ്പിനായി നല്ലൊരു തുക പഞ്ചായത്ത് ചെലവഴിച്ചതായി കാണാം. ഇത്രയും തുക ചെലവഴിച്ച് വാങ്ങിയ സ്ഥലം 16 വർഷം പിന്നിട്ടിട്ടും യഥാർത്ഥ ആവശ്യത്തിനായി ഉപയോഗിക്കാൻ കഴിഞ്ഞില്ല എന്നതും വളരെ ഗൗരവമർഹിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം | പ്രൊജക്ടിന്റെ പേര് | 2020-21 | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | ലഭിച്ച തുക | | ചെലവ് | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 178600 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 178600 | 0 |
| | **ആകെ** | 178600 | | 178600 | **0** |
| ജില്ലാ പഞ്ചായത്ത് | 2020-21 | 85000 | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 85000 | 0 |
| | 2020-21 | 450000 | ലൈഫ് ഭവന പദ്ധതി- ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 450000 | 0 |
| | 2020-21 | 123700 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 123700 | 0 |
| | 2020-21 | 178600 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 178600 | 0 |
| | **ആകെ** | **837300** | | **837300** | **0** |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻചർ അക്കൗണ്ടിൽ 01.04.2020ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2021ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | മുൻ വർഷങ്ങളിലെ മുന്നിരുപ്പ് | 2019-20 വരവ് | | | ആകെ വരവ് ( OB+ Receipts) | ചെലവ് | | | ആകെ ചെലവ് | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | RP-31 | RP-7 | ആകെ വരവ് | | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് | 1900000 | 0 | 178600 | 178600 | **2078600** | 1825274 | 178600 | 2003874 | **2003874** | 74726 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 0 | 837300 | 837300 | **837300** | 0 | 837300 | 837300 | **837300** | 0 | 0 |

മുൻവർഷത്തെ ജോയിൻറ് വെൻചർ അക്കൗണ്ടിൽ നിന്ന് നേരിട്ട് 1825274/- രൂപ ലൈഫ് ഭവന പദ്ധതിയുടെ ബ്ലോക്ക് വിഹിതം നല്കാനായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ | 22000136 21-05-20 | 176991 | 0 | 176991 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000286 02-07-20 | 170864 | 0 | 170864 |
| | **ആകെ** | | **347855** | **0** | **347855** |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 23000145 31-03-21 | 787000 | 0 | 787000 |
| | **ആകെ** | | **787000** | **0** | **787000** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഇല്ല.**

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)111/2018/LSGD 13.08.2018 | 48,34,029 | 5,99,725 | - | 42,34,304 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല.**

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 | 52 | 2000-01 | IV-57(D) | വള്ളിക്കത്തോട് - കോഴികുളം റോഡ് സൈഡ് കെട്ടൽ | തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

**ഇല്ല.**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,63,19,956 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,87,61,083 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,51,089 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ പേരും മേൽവിലാസവും |
|---|---|---|---|
| 1-20 | 1,86,234 | ഡോ.ലിജാ ദിവാകരൻ<br>മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ<br>മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | മന്നാംകുടി (H)<br>അങ്കമാലി പി.ഒ.<br>എറണാകുളം |
| 1-22 | 1,30,000 | ഡോ.ലിജാ ദിവാകരൻ<br>മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ<br>മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | മന്നാംകുടി (H)<br>അങ്കമാലി പി.ഒ.<br>എറണാകുളം |
| 1-29 | 11,34,855 | അബ്ദുൾ ഹക്കീം യു.<br>സെക്രട്ടറി<br>മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | സുഹൈൽ മൻസിൽ, ചന്തപ്പുര, വടക്കഞ്ചേരി പി.ഒ.<br>പാലക്കാട് ജില്ല |
| ആകെ | 14,51,089 | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

**ഇല്ല.**

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 - 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |
| [illegible] | [illegible] |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.(പ14)441/05 - 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 -20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 - 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 - 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 - 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 - 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി4എ) 1001/2016 - 27.06.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി4) 2204/2016 – 24.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി4) 1814/2017 – 16.09.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി4) 151/2019 – 19.03.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി4) 1207/2019 – 05.09.2019 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി4) 1810/2021 – 09.02.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്